2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

### (2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അമ്പത്തിമൂന്ന് മുതൽ അറുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അമ്പത്തിമൂന്ന് മുതൽ അറുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### (3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. മുല്ലക്കര രത്നാകരനുവേണ്ടി ശ്രീ. കെ. ബാബു: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അംഗമായ ഞാൻ സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### (4) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. സി. കൃഷ്ണൻ: സർ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## VIII ക്രമപ്രശ്നം

### 1. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ കൂടുതൽ പരിഗണിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, രണ്ടോ മൂന്നോ സെറ്റ് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളാണ് പലപ്പോഴും സഭയിൽ വരുന്നത്. നക്ഷത്രചിഹ്നമിട്ട നാല് സെറ്റ് ചോദ്യങ്ങളെങ്കിലും ഫ്ലോറിൽ വരത്തക്കവിധം അവ ക്രമീകരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് ചെയറിൽ നിന്നും നേരത്തെ റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. പക്ഷെ പലപ്പോഴും ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടിയും ഉപചോദ്യങ്ങളും വല്ലാതെ നീണ്ടുപോകുന്നു. അതുകൊണ്ട് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളിലൂടെ സഭയിൽ അവതരിപ്പിക്കേണ്ട വളരെ പ്രധാനപ്പെട്ട ജനകീയ വികസന പ്രശ്നങ്ങൾ ഉന്നയിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയാണ്. അതുകൊണ്ട് അതുസംബന്ധിച്ച കൃത്യമായ റൂളിംഗ് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. നേരത്തെ റൂളിംഗ് ഉണ്ടായതാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly